REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മഹാരാഷ്ട്ര, ജാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഇന്നറിയാം.**
- **വയനാട്, പാലക്കാട്, ചേലക്കര, ഉപതെരഞ്ഞെടുപ്പ് ഫലവും ഇന്ന്. വോട്ടെണ്ണൽ രാവിലെ എട്ടിന് തുടങ്ങും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കീ ബാത്ത് പരിപാടി നാളെ രാവിലെ 11ന് ആകാശവാണിയിലും ദൂരദർശനിലും.**
- **മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമര സമിതി നേതാക്കളുമായി വൈകിട്ട് ചർച്ച നടത്തും.**
- **പെർത്തിൽ ഇന്ത്യ- ഓസ്ട്രേലിയ ആദ്യ ടെസ്റ്റ് ക്രിക്കറ്റിൽ ഏഴിന് 67 എന്ന നിലയിൽ ഓസ്ട്രേലിയ ഇന്ന് ബാറ്റിംഗ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

മഹാരാഷ്ട്ര, ജാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഇന്നറിയാം. രണ്ട് സംസ്ഥാനങ്ങളിലേയും വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും. 15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ സീറ്റിലേയും രണ്ട് ലോക്സഭാ സീറ്റിലേയും ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഇതോടൊപ്പം തുടങ്ങും.

288 അംഗ മഹാരാഷ്ട്ര നിയമസഭയിലേക്ക് ഈ മാസം 20നായിരുന്നു ഒറ്റഘട്ടമായി വോട്ടെടുപ്പ്. BJP നേതൃത്വം നൽകിയ മഹായുതി സഖ്യവും പ്രതിപക്ഷ കക്ഷികളുടെ മഹാവികാസ് അഖാഡിയും തമ്മിലായിരുന്നു

പോരാട്ടം. ഒമ്പത് എക്സിറ്റ്പോൾ ഫലങ്ങൾ BJP സഖ്യത്തിന്റെ വിജയം പ്രവചിക്കുന്നു. എന്നാൽ മൂന്ന് സർവേകൾ തൂക്കുനിയമസഭ ഉണ്ടാകുമെന്നാണ് കണ്ടെത്തിയത്.

81 അംഗ ജാർഖണ്ഡ് നിയമസഭയിലേക്ക് ഈ മാസം 13നും 20നും ആയിരുന്നു രണ്ട് ഘട്ടങ്ങളിലായി വോട്ടെടുപ്പ്. NDA സഖ്യവും JMM നേതൃത്വം നൽകുന്ന INDI ബ്ലോക്കും തമ്മിലായിരുന്നു പ്രധാനമത്സരം. നാല് എക്സിറ്റ്പോൾ ഫലങ്ങൾ NDA ക്ക് അനുകൂലമാണ്. ഒരു എക്സിറ്റ്പോൾ JMM സഖ്യത്തിന് മുൻതൂക്കം നൽകുന്നു.

കേരളത്തിലെ വയനാട് മണ്ഡലത്തിലും മഹാരാഷ്ട്രയിലെ നന്ദേഡ് മണ്ഡലത്തിലുമായിരുന്നു ലോക്സഭാ ഉപതെരഞ്ഞെടുപ്പ്.

✪✪✪

കേരളത്തിലെ ഉപതിരഞ്ഞെടുപ്പ് ഫലത്തിലേക്ക് ഇനി കുറഞ്ഞ മണിക്കൂറുകളുടെ ദൂരം മാത്രം. വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും.

തപാൽ വോട്ടുകൾ എണ്ണിയ ശേഷമായിരിക്കും ഇലക്ട്രോണിക് വോട്ടിങ്ങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണിത്തുടങ്ങുന്നത്. മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വയനാട് മണ്ഡലത്തിൽ, മൂന്ന് കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ.

വയനാട്ടിൽ നിന്ന് ആകാശവാണി പ്രതിനിധി അരുൺ വിൻസന്റ്.

.......വോയ്സ്.....

✪✪✪

കടുത്ത ത്രികോണമത്സരം നടന്ന പാലക്കാട്ടെ ഫലത്തിലേക്ക് രാഷ്ട്രീയ കേരളം ഉറ്റു നോക്കുകയാണ്. കഴിഞ്ഞ തവണത്തെ വിജയം ആവർത്തിക്കാൻ UDF ഉം പിടിച്ചെടുക്കാൻ LDF ഉം മത്സരിക്കുമ്പോൾ കപ്പിനും ചുണ്ടിനും ഇടയിൽ നഷ്ടപ്പെട്ട സീറ്റ് സ്വന്തമാക്കാൻ NDA യും ഒന്നരമാസത്തോളം നീണ്ട പ്രചാരണകാലത്ത് തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ എല്ലാം പുറത്തെടുത്തിരുന്നു.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.............വോയ്സ്.........

പാലക്കാട് ഉപ തെരഞ്ഞെടുപ്പ് വോട്ട് എണ്ണൽ കേന്ദ്രമായ ഗവൺമെന്റ് വിക്ടോറിയ കോളേജിലെ സ്ട്രോങ്ങ് റൂം രാവിലെ ഏഴരയ്ക്ക് തുറക്കും.

വോട്ടിങ് യന്ത്രങ്ങളിൽ നിന്നുള്ള വോട്ടുകൾ എണ്ണുന്നതിന് 14 ടേബിളുകളും പോസ്റ്റൽബാലറ്റുകൾഎണ്ണുന്നതിനായി അഞ്ച് ടേബിളുകളുമാണ് ഒരുക്കിയിരിക്കുന്നത്.ഒന്നു മുതൽ14 വരെയുള്ള ബൂത്തുകളിലെ വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടുകളാണ്

ആദ്യം എണ്ണുക. പാലക്കാട് നഗരസഭയിലും, കണ്ണാടി, മാത്തൂർ, പിരായിരി പഞ്ചായത്തുകളിലുമായി 184 ബൂത്തുകളിലെ വോട്ടുകളാണ് എണ്ണാനുള്ളത്. 10 സ്ഥാനാർഥികൾ മത്സര രംഗത്തുണ്ടായിരുന്ന ഉപതെരഞ്ഞെടുപ്പിൽ 137302 പേരാണ് വോട്ട് രേഖപ്പെടുത്തിയിട്ടുള്ളത്.

യു.ഡി.എഫ്.സ്ഥാനാർത്ഥിയായി രാഹുൽ മാങ്കൂട്ടത്തിൽ, എൽ.ഡി.എഫ്.സ്ഥാനാർത്ഥിയായി ഡോ. പി.സരിൻ എൻ.ഡി.എ സ്ഥാനാർത്ഥിയായി സി.കൃഷ്ണകുമാർ എന്നിവരാണ് മത്സരിച്ചത്.ഇവരിൽ ആര് പാലക്കാടിനെ പ്രതിനിധീകരിക്കും എന്നറിയാനുള്ള ആകാംക്ഷ യിലാണിപ്പോൾ രാഷ്ട്രീയ കേരളം.

✪✪✪

ചേലക്കരയിലെ വിജയം മൂന്ന് മുന്നണികൾക്കും നിർണായകമാണ്. LDF കോട്ടയെന്ന് വിശേഷിപ്പിക്കുന്ന ചേലക്കര പിടിച്ചെടുക്കാൻ UDF കടുത്ത പ്രചാരണപോരാട്ടമാണ് മണ്ഡലത്തിൽ കാഴ്ചവെച്ചത്. NDA യും മണ്ഡലം പിടിക്കാൻ മുമ്പൊന്നുമില്ലാത്ത ആവേശത്തോടെയാണ് രംഗത്തിറങ്ങിയത്.

ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപിന്റെ റിപ്പോർട്ട്.

........വോയ്സ്.........

ചേലക്കര ഉപതിരഞ്ഞെടുപ്പ് വോട്ടെണ്ണൽ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി ജനറൽ ഒബ്സർവർ മുജീബുർ റഹ്മാൻ ഖാൻ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻകൂടിയായ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ എന്നിവർ ചെറുതുരുത്തി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ സന്ദർശിച്ചു. കൗണ്ടിങ് കേന്ദ്രത്തിലെ സുരക്ഷാ ക്രമീകരണം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ആർ. ഇളങ്കോയും പരിശോധിച്ചു.

പോസ്റ്റൽ ബാലറ്റ് എണ്ണുന്നതിന് 4 ടേബിളും ഇടിപിബിഎംഎസ് ന് ഒരു ടേബിളും ഇവിഎം വോട്ടുകൾ എണ്ണുന്നതിന് 14 ടേബിളും ഉൾപ്പെടെ ആകെ 19 ടേബിളുകളാണ് തയ്യാറാക്കിയിട്ടുള്ളത്. പതിനാലു ടേബിളും എണ്ണിക്കഴിഞ്ഞാൽ ഓരോ റൗണ്ടിലേയും ഫലം ജനറൽ ഒബ്സർവറുടെ അനുമതിയോടെ പ്രഖ്യാപിക്കും. 20 മിനിറ്റിൽ ഓരോ റൗണ്ടിലേയും വോട്ടുനില പ്രഖ്യാപിക്കാൻ

കഴിയുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. എട്ടരയോടെ ആദ്യഫലങ്ങൾ അറിയാം.

✪✪✪

നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. ത്രിരാഷ്ട്ര സന്ദർശനത്തിനിടെ 31 ഉഭയകക്ഷി യോഗങ്ങളിലും ആഗോള നേതാക്കളുമായി അനൗപചാരിക കൂടിക്കാഴ്ചകളിലും നരേന്ദ്രമോദി പങ്കെടുത്തു. G-20 ഉച്ചകോടിയുടെ ഭാഗമായി ബ്രസീലിൽ പത്തു യോഗങ്ങളിലും ഗയാനയിൽ ഒൻപതു യോഗങ്ങളിലുമാണ് പ്രധാനമന്ത്രി പങ്കാളിയായത്.

ഡെസ്ക് റിപ്പോർട്ട്.

---------------(വോയ്സ്)--------------

ന്യൂഡൽഹിയിൽ തിരിച്ചെത്തിയ ശേഷം ഇന്ത്യ - ജർമ്മനി സുസ്ഥിര വികസനത്തെ കേന്ദ്രീകരിച്ച് ജർമ്മനിയിലെ സ്റ്റട്ട്ഗാർട്ടിൽ സംഘടിപ്പിച്ച പരിപാടിയെ പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്തു.

പത്തു വർഷമായി കേന്ദ്ര ഗവണ്മെന്റ് നടപ്പാക്കുന്ന പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്നീ മന്ത്രങ്ങളിലൂടെ ലോകം ഇന്ത്യയുടെ തന്ത്രപരമായ പ്രാധാന്യം തിരിച്ചറിഞ്ഞതായി അദ്ദേഹം പറഞ്ഞു. ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായതിനാൽ ഇന്ത്യയുമായി വികസനത്തിൽ സഹകരിക്കാൻ എല്ലാ രാജ്യങ്ങളും ആഗ്രഹിക്കുകയാണെന്നും നരേന്ദ്രമോദി വിലയിരുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണിയിലെ പ്രതിമാസ മൻ കീ ബാത്ത് നാളെ രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 116-ാം പതിപ്പാണിത്. ആകാശവാണി-ദൂരദർശൻ ശൃംഖലയിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും യുട്യൂബിലും മൻ കീ ബാത്ത് ലഭ്യമാണ്.

✪✪✪

മുനമ്പം വഖഫ് ഭൂമി വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമര സമിതി നേതാക്കളുമായി വൈകിട്ട് ചർച്ച നടത്തും. പ്രശ്ന പരിഹാരത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ ഉന്നതതല യോഗം ചേർന്നിരുന്നു. യോഗത്തിലെടുത്ത തീരുമാനങ്ങൾ മുഖ്യമന്ത്രി വിശദീകരിക്കും.

നിയമപരമായ വിഷയങ്ങളിൽ ശാശ്വത പരിഹാരം കാണുന്നതിന് ഹൈക്കോടതി മുൻ ആക്ടിംങ് ചീഫ് ജസ്റ്റിസ് CN രാമചന്ദ്രൻനായരുടെ നേതൃത്വത്തിൽ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ ഇന്നലെ ഉന്നതതല യോഗം തീരുമാനിച്ചിരുന്നു.

✪✪✪

മുനമ്പം ഭൂമിയിലെ വഖഫ് അധിനിവേശ വിഷയത്തിൽ ജുഡീഷ്യൽ കമ്മിഷനെ നിയമിച്ചതുവഴി മുഖ്യമന്ത്രിയും ഗവൺമെന്റും മുനമ്പം നിവാസികളെ വഞ്ചിച്ചെന്ന് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ ആരോപിച്ചു. മുനമ്പത്തെ താമസക്കാർക്കൊപ്പമല്ല, വഖഫ് ബോർഡിനൊപ്പമാണ് ഗവൺമെന്റ് എന്ന് വ്യക്തമാക്കുന്ന നടപടിയാണ് ജുഡീഷ്യൽ കമ്മിഷന്റെ നിയമനമെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

ഈ തീരുമാനം സമരസമിതി അംഗീകരിക്കില്ലെന്നും,. മുനമ്പത്തും ചെല്ലാനത്തും വഖഫ് നോട്ടീസ് നൽകിയ ഇടങ്ങളിലെല്ലാം ജാഗ്രതാ സമിതി രൂപീകരിക്കുന്നും സുരേന്ദ്രൻ അറിയിച്ചു. വരും ദിവസങ്ങളിൽ സമരം ശക്തമാക്കുമെന്നും സുരേന്ദ്രൻ വ്യക്തമാക്കി.

✪✪✪

വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കാൻ ഗവൺമെന്റ് എടുത്ത തീരുമാനം അംഗീകരിക്കാൻ ആവില്ലെന്ന് മുനമ്പം സമരസമിതി അറിയിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശം മുൻപു പരിശോധിച്ചതാണ്., വീണ്ടും ഒരു പരിശോധനയുടെ ആവശ്യമില്ലെന്ന് സമരസമിതി നേതാക്കൾ അറിയിച്ചു.

ഗവൺമെൻറ് തീരുമാനത്തിൽ പ്രതിഷേധിച്ച് സമരക്കാർ മുനമ്പത്ത് പന്തം കൊളുത്തി പ്രകടനം നടത്തി. പ്രതിഷേധം കൂടുതൽ ശക്തമാക്കുമെന്നും അവർ അറിയിച്ചു.

✪✪✪

സർവകലാശാലകളിലെ പരീക്ഷാഫീസ് വർദ്ധന പുനഃപരിശോധിക്കുന്നതിന് മന്ത്രി ഡോ: R ബിന്ദുവിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് യോഗം ചേർന്നു. സർവ്വകലാശാല വൈസ് ചാൻസലർമാർ, രജിസ്ട്രാർമാർ, പരീക്ഷ കൺട്രോളർമാർ, സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

സർവകലാശാല തലത്തിൽ ഫീസ് വർദ്ധന സംബന്ധിച്ച നിർദേശങ്ങൾ തയ്യാറാക്കി ഒരാഴ്ചക്കകം മന്ത്രിക്ക് സമർപ്പിക്കാൻ യോഗത്തിൽ ധാരണയായി. തീരുമാനം പരിശോധിച്ച ശേഷം വിദ്യാർത്ഥിത സംഘടനകളെ കൂടി വിളിച്ച്

കൂടിയാലോചനയ്ക്ക് ശേഷം പരീക്ഷ ഫീസ് വർദ്ധനയിൽ തീരുമാനമെടുക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

പെർത്തിൽ ഇന്ത്യ - ഓസ്ട്രേലിയ ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ബാറ്റിംഗ് തകർച്ച നേരിട്ട ഓസ്ട്രേലിയ ഏഴിന് 67 എന്ന നിലയിൽ ഇന്ന് ബാറ്റിംഗ് പുനരാരംഭിക്കും. ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 150 റൺസിന് എല്ലാവരും പുറത്തായിരുന്നു.

✪✪✪

ഐ ലീഗ് സീസണിലെ ആദ്യ മത്സരത്തിൽ ഗോകുലം കേരള FCക്ക് തകർപ്പൻ ജയം. ഹൈദരബാദിൽ ഇന്നലെ ഡെക്കാനേ രണ്ടിന് എതിരെ മൂന്ന് ഗോളിനാണ് ഗോകുലം കേരള പരാജയപ്പെടുത്തിയത്.

ലീഗിലെ അടുത്ത മത്സരത്തിൽ ഗോകുലം, റിയൽ കശ്മീർ FCയെ നേരിടും. 29 നു ഉച്ചയ്ക്ക് കശ്മീരിലെ TRC ടർഫിലാണ് മത്സരം .

✪✪✪

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വർക്ക് നിയർ ഹോം പദ്ധതി മന്ത്രി KN ബാലഗോപാൽ കൊട്ടാരക്കരയിൽ രാവിലെ ഉദ്ഘാടനം ചെയ്യും. IT- IT അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും തൊഴിലിടത്തിന് സമീപം ജോലി സൗകര്യം ഒരുക്കാനാണ് പദ്ധതിക്ക് ഗവണ്മെന്റ് രൂപം നൽകിയത്. വികേന്ദ്രീകൃത മാതൃകയിൽ അത്യാധുനിക വർക്ക് സ്റ്റേഷനുകളുടെ ശൃംഖല കേരളത്തിലാകെ വ്യാപിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

വൈക്കത്തഷ്ടമി ഇന്ന്. വൈക്കം മഹാദേവ ക്ഷേത്രത്തിൽ പുലർച്ചെ നാലരയോടെ അഷ്ടമി ദർശനം ആരംഭിച്ചു. നാളെ പുലർച്ചെ രണ്ടിന് അഷ്ടമി വിളക്കും വലിയ കാണിക്കയും നടക്കും.

നാളെ വൈകിട്ട് അഞ്ചിന് ആറാട്ട് എഴുന്നള്ളത്ത് ആരംഭിക്കും. തിങ്കളാഴ്ച മുക്കുടി നിവേദ്യത്തോടെ ഈ വർഷത്തെ വൈക്കത്തഷ്ടമി സമാപിക്കും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയിലേക്ക് സംസ്ഥാന ഗവൺമെന്റ് 16 അംഗങ്ങളെ നാമനിർദേശം ചെയ്തു. MP മാരിൽ നിന്ന് PV അബ്ദുൾ വഹാബ്, MLA മാരിൽ നിന്ന PTA റഹീം, മുഹമ്മദ് മുഹസിൻ എന്നിവർ പട്ടികയിലുണ്ട്.

✪✪✪

പാലക്കാട്, കൊടുവായൂരിൽ മദ്യ ലഹരിയിൽ അമിത വേഗത്തിൽ ഓടിച്ച കാർ ഇടിച്ച് ദമ്പതികൾ മരിച്ചു. വണ്ടാഴി, തെക്കേക്കാട്ടിൽ ചാമി, ഭാര്യ ജാനു എന്നിവരാണ് മരിച്ചത്. കാർ ഓടിച്ചിരുന്ന എലവഞ്ചേരി സ്വദേശി പ്രേംനാദ് V. മേനോനെ പോലീസ് അറസ്റ്റ് ചെയ്തു.

✪✪✪

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച വോട്ടർപട്ടിക നിരീക്ഷകൻ S. ഹരികിഷോർ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വോട്ടർപട്ടിക പുതുക്കൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

ഇതുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. 656 പോയിന്റുമായി സിറ്റി ഉപജില്ല മുന്നേറ്റം തുടരുകയാണ്. 630 പോയിന്റുമായി ചേവായൂരാണ് രണ്ടാം സ്ഥാനത്ത്. വൈകീട്ട് സമാപന സമ്മേളനം MK മുനീർ MLA ഉദ്ഘാടനം ചെയ്യും.

✪✪✪

പയ്യന്നൂരിൽ കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. വൈകിട്ട് സമാപന സമ്മേളനം നിയമസഭാ സ്പീക്കർ AN ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪